# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3536 20.06.2019-ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ പുനരധിവാസം

| ചോദ്യം<br>ശ്രീ. പി. ഉണ്ണി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | വിവിധ ഗൾഫ് നാടുകളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടും മറ്റും തിരികെ നാട്ടിലെത്തിയ മലയാളികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കാമോ; | എ) | ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തിവരുടെ കണക്ക് പ്രത്യേകമായി ശേഖരിച്ച് വയ്ക്കുന്ന ഒരു സംവിധാനം നിലവിലില്ല. എന്നാൽ തിരികെ യെത്തി പുനരധിവാസ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുവരുടെ വിവരങ്ങൾ നോർക്ക റൂട്ട്സിൽ ലഭ്യമാണ്. |
| ബി) | നാട്ടിൽ തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ; | ബി) | തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പുതിയ സംരംഭങ്ങൾ സർക്കാർ നടപടികൾപാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങ് നൽകുന്നതിനും തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുന്നതിനുമായി നോർക്ക റൂട്ട്സ് വിഭാവനം ചെയ്തിട്ടുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന സ്വയം തൊഴിൽ പദ്ധതി നിലവിലുണ്ട്. |
| സി) | നോർക്കാ റൂട്ട്സുമായി ബന്ധപ്പെട്ട് പ്രവാസികളുടെ രജിസ്ട്രേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി ധാരാളം അനധികൃത സേവാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | സി) & ഡി) | ചില പ്രവാസികൾ തങ്ങൾ അനധികൃത സേവാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലൂടെ കബളിപ്പിക്കപ്പെടുന്നതായി പരാതിപ്പെടുന്നുണ്ട്. എന്നാൽ ആയത് രേഖാമൂലം പരാതിയായി സമർപ്പിക്കുവാൻ വിമുഖത കാണിക്കുന്ന ഒരു പ്രവണതയാണ് കണ്ടു വരുന്നത്. കേരള സംസ്ഥാനത്തിനകത്ത് നോർക്ക റൂട്ട്സുമായി ബന്ധപ്പെട്ട് പ്രവാസികളുടെ രജിസ്ട്രേഷൻ |
| ഡി) | പാലക്കാട് ജില്ലയിൽ അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് | | |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | | നടത്താനോ മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കാനോ സേവാകേന്ദ്രങ്ങൾക്ക് അനുമതി നൽകിയിട്ടില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് സൂപ്രണ്ട് ഓഫ് പോലീസ്, എൻ.ആർ.ഐ. സെൽ-ന്റെ നടപടികൾക്കായി നൽകി വരികയും നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രവണതകൾ ചെറുക്കുന്നതുമായി ബന്ധപ്പെട്ട് പത്രമാധ്യമങ്ങളിലൂടെ പരസ്യം ചെയ്യുകയും നോർക്കയുടെ സേവനങ്ങൾക്ക് ഇടനിലക്കാരെയോ അനധികൃത സേവാകേന്ദ്രങ്ങളെയോ ചുമതലപ്പെടുത്തിയിട്ടില്ല എന്ന് ബോധവത്ക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**